
• **നിരീക്ഷണം**

# ഉദാരീകരണം കർഷകർക്ക് ശവക്കുഴിയൊരുക്കുമ്പോൾ

പി.സായ്നാഥ്

പരിഭാഷ : കെ. ആർ. അജിതൻ



1997നും 2007നും ഇടയിൽ ആത്മഹത്യ ചെയ്ത ഇന്ത്യൻ കർഷകരുടെ എണ്ണം 182936 ആണ്. ഇതിലേറെയും അഞ്ചുസംസ്ഥാനങ്ങളിലാണ് - മഹാരാഷ്ട്ര കർണ്ണാടകം, ആന്ധ്രാ, മദ്ധ്യപ്രദേശ് ചത്തീസ്ഗഢ്. ഇന്ത്യയുടെ ആകെ ജനസംഖ്യയുടെ മൂന്നിലൊന്ന് കൈയാളുന്ന ഈ അഞ്ചുസംസ്ഥാനങ്ങൾ ആത്മഹത്യ കണക്കിൽ മൂന്നിൽ രണ്ടും അവകാശപ്പെടുന്നു. കർഷകേതര വിഭാഘങ്ങളിലെ ആത്മഹത്യാ നിരക്കിനേക്കാൾ ഏറെ അധികമാണ് കർഷകർക്കിടയിലെ സ്വയംഹത്യകൾ ഇതാകട്ടെ ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിലും ഏറികൊണ്ടിരിക്കയ്ക്കയാണ്.

കർഷകരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുമ്പോഴും സ്വയം ജീവനെടുക്കുന്ന കർഷകരുടെ എണ്ണം കൂടി കൊണ്ടിരിക്കുകയാണ് എന്നത് ശ്രദ്ധിക്കണം. 1991 സെൻസസ്സിനും 2001 സെൻസസ്സിനും ഇടയിൽ 80ലക്ഷം ജനങ്ങൾ കർഷകവൃത്തി ഉപേക്ഷിച്ചതായി കാണുന്നു. ഇപ്പോഴും അത് കൂടികൊണ്ടിരിയ്ക്കയാണ്. 2011 സെൻസസ്സോടുകൂടി മാത്രമേ ഏറ്റവും അവസാനത്തെ ചിത്രം വ്യക്തമാകൂ.

ഈ സ്ഥിതിവിവരകണക്കുകൾ ഔദ്യോഗികമായതുകൊണ്ടുതന്നെ ശരിയായ വിവരങ്ങളാകണമെന്നില്ല. ഇന്ത്യയിൽ ആത്മഹത്യകണക്കുകൾ ശേഖരിയ്ക്കുന്നത് ആഭ്യന്തര വകുപ്പിനുകീഴിൽ വന്ദന ദേശീയ ക്രൈം റെക്കോർഡ്സ് ആപ്പീസാണ്. അവർ ഈ കണക്കുകൾക്ക് അധികം പരിക്കേല്പിക്കുന്നില്ല. പക്ഷേ ഈ കണക്കുകൾ ശേഖരിയ്ക്കപ്പെടുന്ന സംസ്ഥാനതലത്തിൽ ആയിരക്കണക്കിനുപേരെ ഒഴിവാക്കുന്നു. ഉദാഹരണത്തിന്, സ്ത്രീകർഷകർ ഒരിയ്ക്കലും കർഷകരായി കണക്കാക്കപ്പെടുന്നില്ല (ആചാരമനുസരിച്ച് ഭൂമി ഒരിയ്ക്കലും സ്ത്രീകളുടെ പേരിലാകാൻ തരമില്ല). സ്ത്രീകൾ ഒരുപാട് കർഷക പ്രവൃത്തികൾ ചെയ്യുന്നുണ്ട്, പക്ഷേ സ്ത്രീകൾ 'കർഷകരുടെ ഭാര്യ' മാത്രമാണ്. ഈ വർഗ്ഗീകരണം ഒരുപാട് സ്ത്രീ ആത്മഹത്യകൾ തന്നെയായെടുക്കുമെങ്കിലും കർഷക ആത്മഹത്യയിൽ പെടില്ലെന്നു മാത്രം. ഇതുപോലെത്തന്നെ പല വിഭാഗങ്ങളും പല കാരണങ്ങളാൽ ഈ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

കർഷക ആത്മഹത്യകളുടെ ഈ

**പ്രശസ്ത പത്രപ്രവർത്തകനും മാഗ്സസെ അവാർഡ് ജേതാവുമായ പി.സായിനാഥ് ഇപ്പോൾ ലഭ്യമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ കർഷകആത്മഹത്യകളെക്കുറിച്ച് നൽകുന്ന വ്യത്യസ്തമായ വിവരണം. മഹാരാഷ്ട്രയിലെ മഴയെമാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന കർഷകർക്കുമേൽ വിലകൂടിയ വിത്തിനങ്ങൾ മൊൺസാന്റൊ അടിച്ചേൽപ്പിച്ചപ്പോഴുണ്ടായ ദുരന്തങ്ങൾ റിപ്പോർട്ടുചെയ്ത ഇദ്ദേഹം എങ്ങനെ ബി.ടി.കോട്ടൺ കർഷകരെ മരണത്തിലേക്ക് ആനയിക്കുന്നുവെന്ന് ഈ കുറിപ്പിൽ വിവരിക്കുന്നു.**

വർദ്ധനവ് ഇന്ത്യ ഇന്നു പുല്കി പുണർന്നു നില്ക്കുന്ന ഉദാരീകരണത്തിന്റെ പുതിയ ലോകവുമായി ചേർത്ത് കാണേണ്ടതാണ്. ഇതേ പ്രസിദ്ധീകരണത്തിൽ ത്തന്നെ അത്തരം ഉദാരീകരണങ്ങൾ കർഷകലോകത്തെ എങ്ങനെ ബാധിച്ചു എന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ലോകവ്യാപാരക്കർ ഒപ്പിട്ട 2001നുശേഷം കർഷക ആത്മഹത്യകളുടെ എണ്ണം വളരെ ഏറിയിട്ടുണ്ട്. 1997നും 2001നും ഇടയിൽ ഇത്78757 ആയിരുന്നു. ശരാശരി ഒരു വർഷം 15747. തൊട്ടടുത്ത അഞ്ചുവർഷത്തിൽ (2002–2006) ഇത് 87567 ആയി (പ്രതിവർഷശരാശരി) 17513 അതായത് 2001ന് ശേഷമുള്ള പഞ്ചവത്സരത്തിൽ ഓരോ മുപ്പതുമിനിട്ടിലും ഇന്ത്യാമഹാരാജ്യത്തെ ഒരു കർഷകൻ ജീവനൊടുക്കുന്നു എന്ന് ചുരുക്കം. 2007ലും വർദ്ധിച്ച ഈ തരംഗം തുടരുകയാണ്.

കർഷക ആത്മഹത്യകളുടെ പൊതു സ്വഭാവം എന്താണ്? ജീവനൊടുക്കിയവരൊക്കെ ഭീമമായ കടക്കെണിയിലായിരുന്നു. ഉദാരീകരണ സാമ്പത്തിക മാറ്റങ്ങൾക്കുശേഷം കർഷകന്റെ കടബാധ്യതയുടെ ദേശീയ ശരാശരി 20% ൽ നിന്നും 48.6% ലേക്കു വർദ്ധിച്ചു. ദേശീയ സാമ്പിൾ സർവ്വേ വിവരങ്ങളിൽ നിന്നും ഇത് വ്യക്തമാണ്. എന്നാൽ ചില സംസ്ഥാനങ്ങളിൽ ഈ ശതമാനം ഇനിയും കൂടുതലാണ്. ഉദാഹരണത്തിന് ആന്ധ്രാപ്രദേശിലെ 82% കർഷക കുടുംബങ്ങളും 2001–02ൽ കടക്കെണിയിലാണ്. ജീവനൊടുക്കിയ പലരും പരുത്തി, കാപ്പി, കിരിമ്പ്, നിലക്കടല, കുരുമുളക്, വാനില തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്യുന്നവരായിരുന്നു. നെല്ല്, ഗോതമ്പ്. ചോളം തുടങ്ങിയ ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നവർക്കിടയിൽ ആത്മഹത്യകൾ കുറവായിരുന്നു. പുത്തൻ സാമ്പത്തിക തത്വശാസ്ത്രജ്ഞൻ ലക്ഷക്കണക്കിന് മൂന്നാം ലോകകർഷകരെ ഭക്ഷ്യവിളകളിൽനിന്നും നാണ്യവിളകളിലേക്ക് മാറാൻ നിർബന്ധിതരാക്കി. "കയറ്റുമതി അധിഷ്ഠിത വികസനം" എന്നാണല്ലോ വിജയമന്ത്രം. ഇന്ത്യയിലെ ലക്ഷകണക്കിനുവരുന്ന ചെറുകിട കർഷകർക്ക് ഇത് ഉത്പാദനച്ചെലവ് കൂടുകയും ലോണെടുക്കാൻ നിർബന്ധിതരാക്കുകയും ചെയ്തു. കൂടുതൽ കടവും ആഗോളചരക്കുവിലകളോടുള്ള അനുസരണയും അവരെത്തേടിയെത്തി. നാണ്യവിളകളിലേക്ക് കർഷകർ ചുവടുമാറ്റിയത് എത്രത്തോളം അവരെ ബാധിച്ചു എന്ന് ഇത് വ്യക്തമാക്കുന്നു. കേരളത്തിൽ ഒരേക്കറിന് നെൽകൃഷിചെയ്യാൻ എണ്ണായിരം രൂപ ചെലവുണ്ട്. ഒരുപാടു പേർ വാനിലകൃഷിയിലേക്ക് മാറിയപ്പോൾ ചെലവ് ഏക്കറിന് ഏകദേശം 150000 രൂപയായി. വലിയ വിത്തുല്പാദന കമ്പനികൾ പരമ്പരാഗതവും വിലകുറവുള്ളതും മേന്മയേറിയതുമായ വിത്തുകളെ മാറ്റി അവരുടെ സ്വന്തം വിത്തുകൾ കർഷകന് കൈമാറുമ്പോൾ അവർക്ക് നല്കേണ്ട വില അതിഭീമമായിരുന്നു. പരമ്പരാഗതവിത്തിനങ്ങൾക്ക് പ്രചോദനം നല്കാതെ തുരത്തപ്പെട്ടു. ഇന്ന് ഏറ്റവും ദുരിതബാധിതപ്രദേശമായ വിദർഭയിൽ, 1991 ൽ, ഒരു കിലോ പ്രാദേശികവിത്തിന് വില ഏഴുമുതൽ ഒമ്പതു രൂപ വരെയായിരുന്നു. 2003 ൽ 450 ഗ്രാം വരുന്ന ഒരു പാക്കറ്റ് ഹൈബ്രിഡ് നിങ്ങൾ മുന്നൂറ്റമ്പതു രൂപയോളം കൊടുക്കണമായിരുന്നു. 2004 ൽ മൊൺസാന്റോയുടെ പങ്കാളികൾ 450 ഗ്രാം വരുന്ന പരുത്തി വിത്തുപാക്കറ്റ് വിപണിയിലിറക്കിയത് 1650 രൂപ മുതൽ 1800 രൂപ വരെ വിലക്കായിരുന്നു. ആന്ധ്രാപ്രദേശിൽ 2004 ലെ തിരഞ്ഞെടുപ്പിനുശേഷം ഈ വില നാടകീയമായി, ഒറ്റ രാത്രികൊണ്ട് വെട്ടിക്കുറച്ചു. വില 900 രൂപയിലേക്കു കുറച്ചെങ്കിലും 1991 ലെയോ 2003 ലേയോ തന്നെ വിലയേക്കാൾ എത്രയോ കൂടുതൽ!!!

ഉയർന്നുവരുന്ന വികസ്വരരാജ്യങ്ങളിൽ അസമത്വമാണ് ഏറ്റവും വലിയ പ്രശ്നം. വാണിജ്യവത്കരണം ഗ്രാമാന്തരങ്ങളിലെ കാർഷികജീവിതത്തിന്റെ എല്ലാ തുറകളേയും തുലച്ചുകളഞ്ഞു. ആരോഗ്യച്ചെലവ് കുത്തനെ കൂടി. ആയിരക്കണക്കിന് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് (സ്കോളർഷിപ്പു കിട്ടുന്നവർകൂടി) രക്ഷിതാക്കളെ കൃഷിയിടങ്ങളിൽ സഹായിക്കാനായി പഠനമുപേക്ഷിക്കേണ്ടിവന്നു. ഈ ദശകത്തിന്റെ ആരംഭത്തിൽ ഒരിന്ത്യൻ കർഷകകുടുംബത്തിന്റെ ആളോഹരിച്ചെലവ് അഞ്ഞൂറ്റിമൂന്നു രൂപയായിരുന്നു. ഇതിൽ 60 % ഭക്ഷണത്തിനും 18% ഇന്ധനം വസ്ത്രം എന്നിവയ്ക്കുമായിരുന്നു.

കർഷകർ ഇത്രയും തുക ഭക്ഷണത്തിനുവേണ്ടി ചെലവാക്കുകയോ? ഇന്ത്യയിലെ ദശലക്ഷക്കണക്കിനു വരുന്ന ചെറുകിട കർഷകർ ഭക്ഷണത്തിന്റെ നാമമാത്ര ഉപഭോക്താക്കളാണ്. അവർക്ക് കുടുംബത്തെ പോറ്റാനാവശ്യമായത്രയും ഉല്പാദിപ്പിക്കാനാവുന്നില്ല. അതുകൊണ്ട് മറ്റുള്ളവരുടെ നിലങ്ങളിൽ പണിയെടുക്കേണ്ടിവരുന്നു. വിപണിയിൽനിന്നും ഭക്ഷണം വാങ്ങാൻ നിർബന്ധിതരാകുന്നതുകൊണ്ട് വിലക്കയറ്റം വളരെയേറെ ബാധിക്കുന്നു. ഭക്ഷണം ഉല്പാദിപ്പിക്കുന്നവർക്കിടയിൽത്തന്നെ പട്ടിണി യാഥാർത്ഥ്യമായിരിക്കുന്നു. ഇതിനു പുറമെ ഇന്ത്യയിലെ ആളോഹരി ഭക്ഷ്യലഭ്യത 1991 ലെ 510 ഗ്രാമിൽ നിന്നും 2005 ൽ 422 ഗ്രാമിലേക്കു കുത്തനെ കുറഞ്ഞു. ഇത് കേവലം 88 ഗ്രാമിന്റെ കുറവല്ല. പ്രത്യുത 88 നെ 365കൊണ്ട് ഗുണിച്ചതിനെ വീണ്ടും ഒരു കോടികൊണ്ട് ഗുണിച്ചതിന്റെ അനുഭവമാണ്. ഇന്ത്യയിലെ പ്രശസ്തനായ കാർഷികസാമ്പത്തിക ശാസ്ത്രജ്ഞൻ പ്രൊഫ. ഉത്സാപട്നായിക് ചൂണ്ടിക്കാട്ടുന്നതുപോലെ ഒരു ശരാശരി ദരിദ്രകുടുംബം പത്തുവർഷം മുമ്പ് ഉപയോഗിച്ചതിനേക്കാൾ 100 കിലോഗ്രാം കുറവാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. പലർക്കും ഭക്ഷ്യവിളകളിൽ നിന്നും നാണ്യവിളകളേക്കുളള മാറ്റം ജീവിതം ദുഷ്കരമാക്കിത്തീർത്തു. നിങ്ങൾക്ക് നിങ്ങളുണ്ടാക്കുന്ന നെല്ല് ഭക്ഷിയ്ക്കാം, പക്ഷേ പരുത്തി അതല്ലല്ലോ സ്ഥിതി; എന്നാൽ ഭക്ഷ്യവിളകൾപോലും കോർപറേറ്റ് വില നിയന്ത്രണങ്ങളുടെ പരിധിയ്ക്കുള്ളിൽ വന്നുകൊണ്ടിരിക്കുകയാണ്.

നവഉദാരീകരണസമ്പ്രദായം ഉയർത്തിവിട്ട ഒരുതരം ഉപഭോഗവികസനം ലക്ഷ്യമിട്ടത് ഗ്രാമീണ ക്രെഡിറ്റുകൾ



*ആത്മഹത്യ ചെയ്ത കർഷകന്റെ ഭാര്യയും കുട്ടിയും. വിദർഭയിൽനിന്നൊരു ദൃശ്യം*

നഗരങ്ങളിലെ പുത്തൻ ജീവിതരീതികൾ തേടുന്ന ധനാഢ്യന്മാർക്ക് വഴിമാറിക്കൊടുക്കാനാണ്. 1993 മുതൽ 2007 വരെയുള്ള പതിനഞ്ചു വർഷങ്ങൾക്കിടയിൽ ആയിരക്കണക്കിന് ഗ്രാമീണബാങ്കുശാഖകൾ നിർത്തലാക്കുകയുണ്ടായി.

കർഷകരുടെ ആദായം കുറഞ്ഞതോടൊപ്പം തന്നെ അവരുടെ നാണ്യവിളകൾക്ക് കിട്ടിയിരുന്ന വിലയും കുറഞ്ഞു. അമേരിയ്ക്കയിൽനിന്നും യൂറോപ്യൻരാജ്യങ്ങളിൽനിന്നും കോർപ്പറേറ്റ് ധനാഢ്യകർഷകർക്ക് ലഭിച്ച വൻ സബ്സിഡികൾക്ക് നന്ദി. ഇന്ത്യയിലെ മാത്രമല്ല, ബുർക്കിനാഫാസോ, ബെനിൻ, ചിഡ്, മാലി തുടങ്ങി ആഫ്രിക്കൻ രാജ്യങ്ങളിലെപോലും പരുത്തി കർഷകരെയാണ് ഈ സബ്സിഡിയുദ്ധം തകർത്തത്. ഇന്ത്യ ഇക്കാലമത്രയും കൃഷിയിലെ നിക്ഷേപം കുറച്ചുകൊണ്ടിരുന്നു. ഒരു മാതൃകാനവലിബറൽ നടപടി ചെറുകിടകർഷകർക്ക് ജീവിതം വീണ്ടും വീണ്ടും അസാദ്ധ്യമാവുകയായിരുന്നു.

ചെലവു കൂടിയപ്പോൾ വായ്പകൾ കുറഞ്ഞു. 250 നിയന്ത്രണാതീതമായി. സബ്ബ്സിഡികൾ വിലകളെ നശിപ്പിച്ചു. ഗ്രാമീണ കൃഷികൾ തകർത്തെറിയപ്പെട്ടു. ഇന്ത്യ ഇതൊന്നും കൂടാതെ കർഷകർക്കുള്ള മറ്റ് ജീവനോപാധികൾ പോലും നിർത്തലാക്കി. നാശം പരിപൂർണ്ണമായി. 90 കളുടെ അവസാനത്തോടെ കർഷകആത്മഹത്യകൾക്ക് തുടക്കമായി.

ശരിയ്ക്കും ഇന്ത്യയുടെ കാർഷികപ്രശ്നത്തെ ചെറിയ വാക്കുകളിലൊതുക്കാവുന്നതേയുള്ളൂ. കോർപ്പറേറ്റ് കൃഷിയിലേക്കുള്ള ചുവടുമാറ്റം കാരണം ഗ്രാമീണജനതയുടെ വാണിജ്യവത്ക്കരണം. ഫലം ചരിത്രത്തിലെ ഏറ്റവും വലിയ ശിഥിലീകരണം.

കമ്പനികൾക്ക് ഇപ്പോഴും ഇന്ത്യൻ കൃഷിഭൂമിയിൽ നേരിട്ടുള്ള നിയന്ത്രണമില്ല. ദൈനംദിനപ്രവർത്തനങ്ങളിൽ അവർ ഭയപ്പെടുന്നുമില്ല. പക്ഷേ മറ്റെല്ലാ രംഗങ്ങളും അവർ തുന്നിച്ചേർത്തിരിക്കും. വിപണനം, വിലയിടൽ എന്നിവ കഴിഞ്ഞ് അവർ വെള്ളത്തിന്റെ ക്രയവിക്രയത്തെ നിയന്ത്രിക്കാനുള്ള പുറപ്പാടിലാണ് ഇപ്പോൾ.

മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ച് ഉൾകൊള്ളുന്ന മഹാരാഷ്ട്രയിലാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ നടന്നത്. ഈ സംസ്ഥാനത്തിന്റെ തലസ്ഥാനമായ മുംബൈയിലാണ് ഇന്ത്യയിലെ 51 കോടീശ്വരന്മാരിൽ 21 പേരും, ഇന്ത്യയിലെ ആകെ ഡോളർ മില്ല്യണെയേഴ്സിലെ കാൽഭാഗം പേരും താമസിക്കുന്നത്. ഭീകരർ 180 പേരെ നഗരമദ്ധ്യത്തിൽ കശാപ്പുചെയ്തപ്പോൾ മുംബൈ നഗരം നവംബർ മാസത്തിൽ ലോകശ്രദ്ധ പിടിച്ചുപറ്റി. 1995 മുതൽ ഈ സംസ്ഥാനത്ത് 40666 കർഷക ആത്മഹത്യകളുണ്ടായിട്ടുണ്ടെങ്കിലും മാദ്ധ്യമങ്ങൾക്ക് ശ്രദ്ധിക്കാൻ എവിടെ സമയം?

ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2007 ൽ വീണ്ടും മഹാരാഷ്ട്രയിലെ കർഷക ആത്മഹത്യകളുടെ എണ്ണം 4000 കവിഞ്ഞു. - നാലു വർഷത്തിനിടയിൽ മൂന്നാം തവണ. ഏകദേശം 4238 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. അക്കൊല്ലം ഇന്ത്യയിലെ ആകെ കർഷക ആത്മഹത്യകളുടെ (16632) കാൽഭാഗത്തോളം വരും അത്. ദേശീയ ആകത്തുക പക്ഷേ 2006 ലെ സംഖ്യ (17060) യേക്കാൾ അല്പം കുറവാണ്. 1997 മുതൽ ഇന്നുവരെ 182939 കർഷക ആത്മഹത്യകൾ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. അയ്യായിരം കോടി രൂപയുടെ ഒന്നാം വർഷം നീണ്ടുനിന്ന കൃഷി ദുരിതാശ്വാസപദ്ധതികളെ തുടർന്നാണ് മഹാരാഷ്ട്രയിൽ 2007 ൽ 4238 പേർ സ്വയം ജീവനൊടുക്കിയതെന്ന് പ്രത്യേകം ഓർക്കേണ്ടതാണ്.

ഏറ്റവും അധികം ബാധിച്ച മഹാരാഷ്ട്ര, ആന്ധ്ര, കർണ്ണാടകം, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലെ കർഷകആത്മഹത്യകൾ ഇന്ത്യൻ ആകത്തുകയുടെ മൂന്നിൽ രണ്ടു വരും. 2007 ൽ ഇവിടങ്ങളിലുണ്ടായ ആകെ ആത്മഹത്യകൾ 11026 ആണ്. മഹാരാഷ്ട്രയിൽ മാത്രം ഏകദേശം 38%. ഈ സംസ്ഥാനങ്ങളിലെ പ്രത്യേക കാരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാനാകും ഇപ്പോൾ. നാണ്യവിളകൾ കൂടുതലുള്ള വൻതോതിൽ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയുള്ള സ്ഥലങ്ങളാണിവ. ജലദൗർലഭ്യം ഒരു പൊതുസ്വഭാവമാണിവിടെ. ധാരാളം ജലം ആവശ്യപ്പെടുന്ന ബിടി പരുത്തി വിത്തുകൾ പോലുള്ള നവസാങ്കേതിക പദ്ധതികൾ തുടങ്ങിയതോടെ ഈ നില കൂടുതൽ വഷളായി. ഉല്പാദനച്ചിലവിന്റെ വർദ്ധനവ്, കൂടുതൽ വളം, കൂടുതൽ രാസപദാർത്ഥങ്ങൾ എന്നിവയും കാരണങ്ങളാണ്.

മനഃസാക്ഷിയില്ലാത്ത നിയമനിർമ്മാണങ്ങൾ എത്രയോ ശവക്കുഴികൾ തോണ്ടി! എത്രയോ ചിതകൾക്ക് തീ കൊളുത്തി!!